**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2628** **14-09-2023 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ ഡെവലപ്‌മെന്റ് ഫണ്ടിൽ ക്ഷേത്രക്കുളം, പൊതുകുളം എന്നിവയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം. എൽ. എ. യുടെ സ്പെഷ്യൽ ഡെവലപ്‌മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ക്ഷേത്രക്കുളം, പൊതുകുളം എന്നിവ നവീകരിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (എ) | എം.എൽ.എ.യുടെ സ്പെഷ്യൽ ഡെവലപ്‌മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ക്ഷേത്രക്കുളം, പൊതുകുളം എന്നിവ നവീകരിക്കുന്നതിന് വ്യത്യസ്ത മാനദണ്ഡങ്ങൾ ഉണ്ട്. നഗരങ്ങൾ/ പട്ടണങ്ങൾ/ ഗ്രാമങ്ങൾ എന്നിവിടങ്ങളിലെ പൊതുകുളങ്ങളുടെ നവീകരണത്തിന് പൊതുവായി അനുമതിയുണ്ട്. എന്നാൽ ക്ഷേത്രകുളങ്ങളുടെ കാര്യത്തിൽ, ജല സംരക്ഷണത്തിന്റെ ഭാഗമായി വാട്ടർ ഷെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ ക്ഷേത്രകുളങ്ങൾ(ആരാധനാലയങ്ങളുടെ കുളങ്ങൾ) നവീകരിക്കുന്നതിന് വ്യവസ്ഥയുള്ളൂ. ഇതിനായി 27.06.2022-ലെ സ.ഉ(അച്ചടി)നം.75/2022/ധന പ്രകാരം പ്രത്യേകം കരാർ വ്യവസ്ഥകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ